സ്ഫോടനഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക്– 2

●

സദ്റുദ്ദീൻ വാഴക്കാട്

# മാലേഗാവിലെ സ്ഫോടന പരമ്പര

**2008** സെപ്റ്റംബർ 2–ന് മാലേഗാവിലുണ്ടായ സ്ഫോടനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച യഥാർഥ പ്രതികളെ മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്കോഡ് (എ.ടി.എസ്) പിടികൂടിയതോടെ, സംഘ്പരിവാർ സംഘടനകൾക്ക് സജീവ പങ്കാളിത്തമുള്ള സ്ഫോടന പരമ്പരകൾ ഓരോന്നായി പുറത്തുവരാൻ തുടങ്ങി. 2008 ഒക്ടോബർ അവസാനത്തോടെയാണ് 'അഭിനവ് ഭാരത്' ഉൾപ്പെടെയുള്ള ഭീകര സംഘങ്ങളുടെ സ്ഫോടനകഥകൾ ചുരുളഴിയാനും മാധ്യമങ്ങളിൽ ചർച്ചയാകാനും തുടങ്ങിയത്. പിന്നീട് ലഭിച്ചുകൊണ്ടിരിക്കുന്ന ഞെട്ടിക്കുന്ന വിവരങ്ങൾ, മറ്റനേകം സ്ഫോടനങ്ങളുടെ ഉള്ളറകളിലേക്ക് വഴിതുറക്കുന്നതായിരുന്നു. സംഘ്പരിവാർ സംഘടനകൾ എത്ര ആസൂത്രിതമായാണ് സ്ഫോടനങ്ങൾ സംഘടിപ്പിച്ചതെന്ന് ഭീകരവിരുദ്ധ സ്കോഡിന്റെ ഓരോ കണ്ടെത്തലും വെളിപ്പെടുത്തി. ഇന്ത്യയുടെ ആഭ്യന്തര സുരക്ഷിതത്വത്തിന് തന്നെ ഭീഷണി ഉയർത്തിക്കൊണ്ടിരുന്ന സ്ഫോടന പരമ്പരകളിൽ നിർണായക വഴിത്തിരിവായിത്തീരുകയായിരുന്നു രണ്ടാം മാലേഗാവ് സ്ഫോടന കേസ് അന്വേഷണം.

### മാലേഗാവിന്റെ പ്രത്യേകത

മഹാരാഷ്ട്രയിലെ നാസിക് ജില്ലയിലെ മുൻസിപ്പൽ കോർപ്പറേഷനാണ് മാലേഗാവ്. മുംബൈയിൽനിന്ന് 280 കി.മീറ്റർ വടക്കുകിഴക്ക്, മുംബൈ– ആഗ്ര ദേശീയ പാത (എൻ.എച്ച് 3)യിൽ സ്ഥിതിചെയ്യുന്ന മാലേഗാവ് ജില്ലയിലെ രണ്ടാമത്തെ വലിയ സിറ്റിയാണ്; ഒന്നാമത്തേത് നാസിക് തന്നെ. ഹിന്ദുക്കളും മുസ്‌ലിംകളും ഉൾപ്പെടുന്ന പത്തു ലക്ഷം വരുന്ന തദ്ദേശവാസികളിൽ എഴുപത് ശതമാനം മുസ്‌ലിംകളാണ്. വികസനത്തിന്റെ കാര്യത്തിൽ മഹാരാഷ്ട്രയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് മാലേഗാവ് വളരെ പിന്നിലാണ്. കാര്യമായ വികസന പ്രവർത്തനങ്ങളൊന്നും മാലേഗാവിലുണ്ടായിട്ടില്ല. ദാരിദ്ര്യം കാരണം ചെറിയ കുട്ടികൾ വരെ തൊഴിലെടുക്കുന്നു.

'പൂന്തോട്ടങ്ങളുടെ ഗ്രാമം' (മാലിവാഡി) എന്നറിയപ്പെടുന്ന ഒരു ചെറിയ പ്രദേശമായിരുന്നു മാലേഗാവ്. 1740–ൽ നാരോശങ്കർ രാജ് ബഹദൂറിന്റെ നിർദേശാനുസാരം ഒരു കോട്ട നിർമാണം നടന്നതോടെയാണ് മാലേഗാവിന്റെ വളർച്ചയുടെ തുടക്കം. 20 വർഷമെടുത്തു കോട്ടയുടെ പണി പൂർത്തിയാകാൻ. കോട്ടയുടെ നിർമാണ ജോലികൾക്ക് മുസ്‌ലിം തൊഴിലാളികളെയും കലാകാരന്മാരെയും സൂറത്തിൽനിന്നും മറ്റും കൊണ്ടുവന്നു. 1818–ൽ ബ്രിട്ടീഷുകാർ കോട്ട കീഴടക്കി. 1857–ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ അനന്തരഫലമെന്നോണം ഹൈദരാബാദിൽനിന്ന് നിരവധി മുസ്‌ലിംകൾ മാലേഗാവിലേക്ക് കുടിയേറുകയുണ്ടായി. 1862–ൽ വാരാണസിയിലെ ധാരാളം മുസ്‌ലിം നെയ്ത്തുകാർ മാലേഗാവിലേക്ക് കുടിയേറാൻ നിർബന്ധിക്കപ്പെ

ട്ടു. 1940-കളിലെയും '50-കളിലെയും രാഷ്ട്രീയ സാഹചര്യങ്ങൾ ഹൈദരാബാദിൽനിന്ന് വീണ്ടും കുടിയേറ്റത്തിന് കാരണമായി. 1960-കളിൽ പല സ്ഥലങ്ങളിലും നടന്ന മുസ്‌ലിംവിരുദ്ധ കലാപങ്ങൾ, ഉത്തർപ്രദേശ്, ബീഹാർ സംസ്ഥാനങ്ങളിൽനിന്നുൾപ്പെടെയുള്ള ധാരാളം മുസ്‌ലിംകളെ മാലേഗാവിലെത്തിച്ചു. മറ്റു പ്രദേശങ്ങളിലേതുപോലെ നിരന്തരമായ വർഗീയ കലാപങ്ങൾ നടക്കാറില്ലെങ്കിലും, സാമുദായിക സംഘർഷം ഇവിടെ എപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് പറയാം. 'മോസം' നദിയുടെ ഒരു വശത്ത് ഹിന്ദുക്കളും മറുവശത്ത് മുസ്‌ലിംകളും താമസിക്കുന്നു. രണ്ടു പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നത് ഒരു പാലമാണ്. നെയ്ത്തു ജോലിയാണ് മാലേഗാവുകാരുടെ പ്രധാന വരുമാന മാർഗം. മറുകരയിൽനിന്ന് ചണം വാങ്ങിക്കൊണ്ടു വന്നാണ് മുസ്‌ലിംകൾ തൊഴിലെടുക്കുന്നത്. നല്ല ആശുപത്രികളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രദേശത്തില്ല. മുസ്‌ലിംകൾക്കിടയിൽ 'കുടിയേറ്റക്കാർ, സ്വദേശികൾ' എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്.കുടിയേറ്റക്കാരുടെ നേതാവ് നിഹാൽ അഹ്മദ് ജനതാദളുകാരനാണ്; നേരത്തെ അവിടെയുള്ള തദ്ദേശീയ മുസ്‌ലിംകളുടെ നേതാവ് അബ്ദുർറശീദ് കോൺഗ്രസുകാരും.

1992-'93-ലും 2001-ലും വർഗീയ കലാപങ്ങൾ മാലേഗാവിൽ നടന്നുവെങ്കിലും മതസൗഹാർദത്തിന്റെയും സാമുദായിക മൈത്രിയുടെയും അന്തരീക്ഷം നിലനിൽക്കുന്നു. സാമ്പത്തിക ശേഷിയുള്ള ഹൈന്ദവ സഹോദരന്മാർ റമദാനിൽ സംഘടിപ്പിക്കാറുള്ള ഇഫ്ത്വാർ പാർട്ടികൾ ഉദാഹരണം. ബിസിനസ്സുകാരനായ ഹസ്തിമൽ വർദേര അവരിലൊരാളാണ്. "എന്റെ ഹിന്ദു സുഹൃത്തുക്കളുടെ സഹായത്തോടെ എല്ലാ റമദാനിലും മുസ്‌ലിം സഹോദരന്മാർക്ക് വേണ്ടി ഇഫ്ത്വാർ ഒരുക്കാറുണ്ട്. പരസ്പര ബന്ധം ഊട്ടിയുറപ്പിക്കാനാണിത്. തുടക്കത്തിൽ മുസ്‌ലിം നെയ്ത്തുകാരായ വളരെ കുറച്ചു പേരെ മാത്രമേ ഇഫ്ത്വാറിൽ പങ്കെടുപ്പിക്കാറുണ്ടായിരുന്നുള്ളൂ. ക്രമേണ എനിക്ക് കൂടുതൽ ആളുകളെ ഇഫ്ത്വാറിൽ പങ്കെടുപ്പിക്കാൻ സാധിച്ചു"- വർദേരയുടെ വാക്കുകൾ. (Hindu Iftar for Malegaon Muslims, Islamonline.net, Sept. 18, 2009).

2006-ലെ സ്ഫോടനത്തിൽ പരിക്കേറ്റ് ഹോസ്പിറ്റലുകളിൽ കഴിയുന്നവർക്ക് രക്തം ദാനം ചെയ്യാൻ നിരവധി ഹൈന്ദവ സഹോദരന്മാർ രംഗത്തുവന്നത് സൗഹാർദത്തിന്റെ അടയാളമായി സുഭാഷ് ഗത്താദെ ചൂണ്ടിക്കാണിക്കുന്നു (Malegaon Blasts: Footprints of Nanded? Sept 15, 2006). മുസ്‌ലിംകളാകട്ടെ, വിവാഹങ്ങൾക്കും മറ്റും ഹൈന്ദവ സഹോദരന്മാരെ ക്ഷണിക്കുക മാത്രമല്ല, അവർക്ക് വേണ്ടി പ്രത്യേകം സദ്യ ഒരുക്കുകയും ചെയ്യാറുണ്ട്.

വർഗീയ ഫാഷിസ്റ്റുകൾ കുത്തിപ്പൊക്കുന്ന സാമുദായിക സംഘർഷങ്ങളുടെ അന്തരീക്ഷം ഇല്ലാതാക്കാനാണ് ഇഫ്ത്വാർ പാർട്ടി പോലുള്ളവ ഹൈന്ദവ സഹോദരന്മാർ മാലേഗാവിൽ നടത്തുന്നത്. പക്ഷേ, സഹിഷ്ണുതാപൂർണമായ സഹവർത്തിത്വം ഇഷ്ടപ്പെടാത്ത വർഗീയവാദികൾ അവിടെ ഇടക്കിടെ കലാപങ്ങൾ നടത്തിക്കൊണ്ടിരുന്നു. 1992-'93ലും, 2001-ലുമാണ് മാലേഗാവിൽ കാര്യമായ വർഗീയ ലഹളകൾ ഉണ്ടായത്. ബാബരി മസ്ജിദ് തകർത്ത ശേഷം, സംഘ്പരിവാർ ആസൂത്രണം ചെയ്ത മുംബൈ കലാപത്തിന്റെ ഭാഗമായിരുന്നു '92-'93ലെ കലാപം.

സാമ്രാജ്യത്വവിരുദ്ധ വികാരം ശക്തമായി നിലനിൽക്കുന്ന പ്രദേശങ്ങളിലൊന്നാണ് മാലേഗാവ്. 9/11-നുശേഷം അമേരിക്ക അഫ്ഗാനിൽ അധിനിവേശം നടത്തിയപ്പോൾ, മറ്റു പല പ്രദേശങ്ങളിലെയും പോലെ മുസ്‌ലിംകൾ കടുത്ത പ്രതിഷേധവു

മായി രംഗത്തുവന്നു. കൊക്കക്കോളയും പെപ്സിയും ഉൾപ്പെടെയുള്ള അമേരിക്കൻ-ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്കരിക്കാൻ മാലേഗാവിലും ആഹ്വാനമുണ്ടായി. പല മുസ്‌ലിം കച്ചവടക്കാരും അത്തരം ഉൽപന്നങ്ങളുടെ വിൽപന നിർത്തി. ഏതാനും മുസ്‌ലിം യുവാക്കൾ ബഹിഷ്കരണാഹ്വാനമുള്ള ലഘുലേഖകൾ വിതരണം ചെയ്തു. വർഗീയത ഇളക്കിവിടുന്നതോ 9/11 ഭീകരാക്രമണത്തെ പിന്തുണക്കുന്നതോ ആയിരുന്നില്ല പ്രസ്തുത ലഘുലേഖ എന്നാണ് റിപ്പോർട്ടുകൾ.

ഒരു വെള്ളിയാഴ്ച ജുമുഅ നമസ്കാരാനന്തരം ലഘുലേഖ വിതരണം ചെയ്തുകൊണ്ടിരുന്ന ഒരു മുസ്‌ലിം യുവാവിനെ ലഘുലേഖ പിടിച്ചെടുത്ത ശേഷം പോലീസ് അറസ്റ്റ് ചെയ്തു. മറ്റൊരു റിപ്പോർട്ട് അനുസരിച്ച് പോലീസ് ലഘുലേഖ ആവശ്യപ്പെട്ടപ്പോൾ കൊടുക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് പോലീസ് ബലം പ്രയോഗിക്കുകയായിരുന്നു എന്നാണ്. ഏതായിരുന്നാലും ഈ സംഭവത്തെത്തുടർന്നാണ് 2001 ഒക്ടോബറിൽ കലാപമുണ്ടായത് (Malegaon Riots - A new era of violence by Dr. Asghar Ali Engineer, PUCL Bulletin- January 2002).

മാലേഗാവിലെ ശക്തമായ സാമ്രാജ്യത്വവിരുദ്ധതയും, ഇടക്ക് കലാപങ്ങളുണ്ടാകാറുണ്ടെങ്കിലും ആപേക്ഷികമായി അവിടെ നിലനിൽക്കുന്ന സാമുദായിക സൗഹാർദവും, മുസ്‌ലിംകൾ അനുഭവിക്കുന്ന ചെറിയ തോതിലുള്ള സ്വസ്ഥ ജീവിതവുമാണ് സംഘ്പരിവാറിന്റെ ഹിറ്റ്ലിസ്റ്റിൽ മാലേഗാവ് ഇടം പിടിക്കാൻ കാരണം. അങ്ങനെയാണ് സാധ്വി പ്രജ്ഞാസിംഗിന്റെ നേതൃത്വത്തിൽ 'അഭിനവ് ഭാരത്' മാലേഗാവിൽ 2008 സെപ്റ്റംബറിൽ സ്ഫോടനം നടത്തിയത്. ഇത് രണ്ടാം സ്ഫോടനമാണ്. മുസ്‌ലിം കേന്ദ്രത്തിൽ സ്ഫോടനങ്ങൾ നടത്തി മുസ്‌ലിംകളെ ഇളക്കിവിടുകയും വർഗീയ കലാപം സൃഷ്ടിക്കുകയുമായിരുന്നു ലക്ഷ്യമെന്ന് വ്യക്തം. പക്ഷേ, ആ ശ്രമം വിജയിക്കുകയുണ്ടായില്ലെന്നു മാത്രമല്ല, സംഘ്പരിവാറിന്റെ സ്ഫോടന ഭീകരത രാജ്യത്തിന് മുമ്പിൽ അനാവരണം ചെയ്യപ്പെടാൻ രണ്ടാം മാലേഗാവ് സ്ഫോടനം കാരണമാവുകയും ചെയ്തു.

## ബറാത്ത് നാളിലെ സ്ഫോടനങ്ങൾ

2006 സെപ്റ്റംബർ 8-ന് വെള്ളിയാഴ്ച ജുമുഅ നമസ്കാരാനന്തരം, മാലേഗാവിലെ ഹാമിദിയ്യ നൂറാനി മസ്ജിദിലെ വുദൂ ഖാനക്കടുത്തും പുറത്ത് ബഡാഖബറിസ്ഥാനിലും മുശാവറ ചൗക്കിലും നടന്ന ഉഗ്ര സ്ഫോടനങ്ങളാണ് ഒന്നാം മാലേഗാവ് സ്ഫോടനം. 22 കുട്ടികളുൾപ്പെടെ 40 പേർ സ്ഫോടനത്തിൽ വധിക്കപ്പെടുകയും 200 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പള്ളിയുടെ ഏറ്റവും പുറകുവശത്ത്, നമസ്കാരത്തിനു വേണ്ടി അംഗശുദ്ധി വരുത്താൻ വെള്ളം ശേഖരിച്ച് വെക്കുന്ന സ്ഥലത്ത് ബക്കറ്റിലോ മറ്റോ ആയിരുന്നു ബോംബ് വെച്ചിരുന്നത്. വൈകി എത്തി പിറകിൽ സംസാരിച്ചുകൊണ്ടിരുന്ന കുട്ടികളാണ് ആ സ്ഫോടനത്തിന്റെ ഇരകളിൽ മിക്കവരും. ഖബ്റിസ്ഥാനിലേക്കുള്ള വഴിയിലും മുശാവറ ചൗക്കിൽനിന്നുള്ള വഴിയിലുമാണ് സൈക്കിളിൽ ചോറ്റു പാത്രത്തിലാക്കി ബോംബുകൾ സ്ഥാപിച്ചത്. സൈക്കിളുകൾ രണ്ടും പുതിയതായിരുന്നു. വുദൂ ഖാനയിലെ ബോംബ് പൊട്ടി നിമിഷങ്ങൾക്കകം പുറത്ത് സൈക്കിളിലെ ബോംബുകളും പൊട്ടിത്തെറിച്ചു.

വളരെ ആസൂത്രിതമായാണ് സ്ഫോടനങ്ങൾക്ക് സ്ഥലവും സമയവും നിശ്ചയിച്ചിരുന്നത്. ഭീകരർ നന്നായി ഗൃഹപാഠം ചെയ്ത് പരമാവധി ആളുകൾ കൊല്ലപ്പെടാൻ സാധ്യതയുള്ള സമയവും സ്ഥലവും തെരഞ്ഞെടുത്തു. ഒന്നാമതായി, റമദാനിന് തൊട്ടുമുമ്പുള്ള ശാബ്വെബറാത്ത് നാൾ. അന്ന് വെള്ളിയാഴ്ചയുമാണ്. പതി

വിലേറെ തിരക്കുണ്ടാകും. രണ്ടാമത്, മരിച്ചുപോയവർക്ക് വേണ്ടി പ്രത്യേക പ്രാർഥനകൾ നടത്താൻ നമസ്കാരം കഴിഞ്ഞ ശേഷം നിരവധി പേർ ഖബ്റിസ്ഥാനിൽ ഒത്തുകൂടും. ഇത് നോക്കിയാണ് ഭീകരർ സ്ഫോടനം അന്നുതന്നെ ആസൂത്രണം ചെയ്തത്. നമസ്കാരം കഴിഞ്ഞ് ആളുകൾ പുറത്തിറങ്ങുന്ന സമയം കൃത്യമായി മനസ്സിലാക്കിയാണ് സ്ഫോടനത്തിന്റെ സമയം നിശ്ചയിച്ചത്. നമസ്കാരം കഴിഞ്ഞ ഏതാനും മിനിറ്റുകൾക്കകം വുദൂ ഖാനക്കടുത്ത് സ്ഫോടനം നടന്നു. ആളുകൾ പരിഭ്രാന്തരായി രണ്ടു വഴികളിലൂടെയും പുറത്തേക്കോടി. അപ്പോൾ പുറത്ത് വഴികളിൽ നിർത്തിയിട്ടിരുന്ന സൈക്കിളുകൾ പൊട്ടിത്തെറിച്ചു. പിഞ്ചു മക്കളുടേതുൾപ്പെടെ ശരീരങ്ങൾ ചിന്നിച്ചിതറി. പള്ളിയിലും വഴികളിലും ചോരച്ചാലുകൾ. മരണ വെപ്രാളത്തിൽ പിടയുന്ന നൂറുക്കണക്കിന് ആളുകൾ. ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടവരുടെ കൂട്ടനിലവിളികൾ.... വെള്ളിയാഴ്ചയിലെ ആ വിശിഷ്ട സമയം ഭീകരതയുടെ അരങ്ങേറ്റവേളയായി.

## ആരായിരുന്നു ആ ഭീകരർ?

മുസ്‌ലിംകളുടെ ഒരു വിശേഷദിനത്തിൽ, അവർ ധാരാളമായി ഒരുമിച്ചു ചേരുന്ന ഒരു ആരാധനാലയത്തിൽ സ്ഫോടനങ്ങൾ നടത്തിയ ഭീകരർ ആരായിരുന്നു? ഒരുപാട് സാധ്യതകൾ അന്വേഷണ ഉദ്യോഗസ്ഥർക്കും മാധ്യമങ്ങൾക്കും മുമ്പിലുണ്ടായിരുന്നെങ്കിലും പൊതുവെ വിരൽ ചൂണ്ടപ്പെട്ടത് അറബി-ഉർദു പേരുള്ള സംഘടനകളിലേക്കും വ്യക്തികളിലേക്കും തന്നെ. ലശ്കറെ ത്വയ്ബയെയും സിമിയെയും മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ചു. ഭിന്ന വീക്ഷണക്കാരായ മുസ്‌ലിം സംഘടനകൾക്കിടയിലെ കക്ഷി വഴക്കുകളെയും സംഭവത്തിലേക്ക് ചിലർ വലിച്ചിഴച്ചു. ലശ്കറെ ത്വയ്ബ, അഹ്‌ലെ ഹദീസ് ആശയങ്ങൾ പിന്തുടരുന്നവരും ശാബ്വെബറാത്ത് പോലുള്ള അനാചാരങ്ങളെ എതിർക്കുന്നവരും, അന്ധവിശ്വാസക്കാരായ ബറേൽവികളോട് എതിർപ്പുള്ളവരുമാണ് സ്ഫോടനത്തിന് പിന്നിലെന്ന പ്രചാരണം കനത്തു. ഈ കുപ്രചാരണത്തിനെതിരെ മുസ്‌ലിം നേതാക്കളും സംഘടനകളും പ്രതിഷേധവുമായി രംഗത്തുവന്നു. "മാലേഗാവിലെ മൗലാനാ ആസാദ് റിസർച്ച് സെന്ററിലെ മൗലാനാ അബ്ദുൽ ഹമീദ് അസ്ഹരി മാധ്യമങ്ങളെയും പോലീസിനെയും വിമർശിച്ചു. മുസ്‌ലിംകൾക്കിടയിലെ ആഭ്യന്തര പ്രശ്നങ്ങളാണ് സ്ഫോടനത്തിന് പിന്നിൽ എന്ന് ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മുസ്‌ലിംകൾക്കിടയിൽ പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ടെങ്കിലും അതൊന്നും ഒരിക്കലും ഇത്തരമൊരു രക്തരൂഷിത ആക്രമണത്തിന് കാരണമാകാറില്ല. മുസ്‌ലിംകൾ മാത്രമാണ് പോലീസിന്റെ ടാർഗറ്റായി മാറുന്നത്. മാലേഗാവ് സ്ഫോടനത്തെക്കുറിച്ച് സി.ബി.ഐ അന്വേഷണം നടത്തണമെന്നാണ് ഞങ്ങളുടെ ആവശ്യം. 1992നു ശേഷം നടന്ന എല്ലാ സ്ഫോടനങ്ങളെക്കുറിച്ചും സി.ബി.ഐ അന്വേഷണം" (Malegaon residents for CBI inquiry into blasts- *The Hindu* Oct. 11, 2006).

"സ്ഫോടന കേസിലെ ഒന്നാമത്തെ അറസ്റ്റുണ്ടായതായി റിപ്പോർട്ട് വന്നത് ഒക്ടോബർ 30-ന്. സിമി പ്രവർത്തകനായ നൂറുൽ ഹുദായെ അറസ്റ്റ് ചെയ്തുവെന്നായിരുന്നു പത്ര റിപ്പോർട്ട്. മുംബൈ ഡി.ജി.പി പസ്‌റീച്ച പറഞ്ഞത്, കേസ് ഉടൻ തെളിയിക്കുമെന്നും ശബീർ ബാറ്ററിവാല, റഈസ് അഹ്‌മദ് എന്നീ രണ്ട് പേരെ കൂടി സംശയിക്കുന്നുണ്ട് എന്നുമാണ്" (*Times of India*, Oct. 30, 2006). ഇരുപതോളം പേരെ അറസ്റ്റ് ചെയ്തതായി *ഇന്ത്യൻ എക്സ്പ്രസ്സും* റിപ്പോർട്ട് ചെയ്തു (2006 Malegaon blasts, wikipedia). നവംബർ ആറിന് പുറത്തുവന്ന റിപ്പോർട്ടുകളിൽ ലഷ്കറെ ത്വയ്

ബയുടെ പ്രവർത്തകൻ ശബീർ ബാറ്ററിവാലയാണ് സ്ഫോടനത്തിന്റെ പ്രധാന സൂത്രധാരൻ; കൂടെ സിമി പ്രവർത്തകൻ റഈസ് അഹ്മദും (*Times Of India*, 2006 Nov. 6). സ്ഫോടനകേസിൽ അബ്റാർ അഹ്മദിനെ പോലീസ് കസ്റ്റഡിയിലെടുത്തതായി നേരത്തേ വാർത്ത വന്നിരുന്നു (*Times of India*, Oct. 18, 2006). ഈ അബ്റാറിന്റെ മൊഴിയനുസരിച്ചാണത്രെ മറ്റുള്ള പ്രതികളെ അറസ്റ്റ് ചെയ്തത്. എ.ടി.എസ് സമർപ്പിച്ച കുറ്റപത്രത്തിൽ പല ലൂപ് ഹോളുകളുമുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മുശാവറ ചൗക്കിൽ ബോംബ് സ്ഥാപിച്ചുവെന്ന കുറ്റം ചുമത്തപ്പെട്ട മുഹമ്മദ് സാഹിദ്, സംഭവം നടക്കുമ്പോൾ 700 കിലോമീറ്റർ അകലെ യാവത്മാൽ ജില്ലയിലെ ഫൂൽസംഗ്വിയിൽ നമസ്കാരം നിർവഹിക്കുകയായിരുന്നുവെന്ന് കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നുണ്ട് (Shoot them in public if they are guilty, Tuesday, Sep. 8, 2009, by Zeeshan Shaikh, UMMID.com, Courtesy: *Hindustan Times*).

കേസ് അന്വേഷണം സി.ബി.ഐക്ക് വിട്ടതായി ആഭ്യന്തരമന്ത്രി ആർ.ആർ പട്ടേൽ പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്തദിവസം തന്നെ ധൃതിപ്പെട്ടാണ് കേസ് അന്വേഷിച്ചുകൊണ്ടിരുന്ന എ.ടി.എസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. ഡോ. ഫാറൂഖ് മഖ്ദുമി, ഡോ. സൽമാൻ ഫാരിസി, നൂറുൽ ഹുദാ ശംസുൽ ഹുദ, ശബീർ അഹ്മദ് മസീഉല്ല, മുഹമ്മദ് സാഹിദ് തുടങ്ങി ഒമ്പത് പേരാണ് എ.ടി.എസ്സിന്റെ കുറ്റപത്രത്തിലെ പ്രതികൾ. "കേസിലെ പ്രധാന സാക്ഷിയായ അബ്റാർ അഹ്മദ്, തന്റെ അഭിഭാഷകൻ മുഖേന ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, കുറ്റക്കാരെന്ന് പറയുന്നവർക്കെതിരെ താൻ മൊഴി നൽകിയത് പോലീസ് നിർബന്ധിച്ചിട്ടാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പോലീസിന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങിയാണ് താൻ മറ്റുള്ള 'പ്രതി'കളെ കേസിൽ കുടുക്കിയതെന്നും അവർ നിരപരാധികളാണെന്നും അബ്റാർ പറഞ്ഞിട്ടുണ്ട്. ഇതേ വിഷയം ഉന്നയിച്ച് പ്രതികളാക്കപ്പെട്ട ചിലരും പരാതി നൽകിയിട്ടുണ്ട്" (Explain Transfer of Malegaon case to CBI: HC to Maha. Govt, Outlook India.com/item.aspx 669572, Two Cercles.net, 30 March 2009). 2009 ഏപ്രിൽ 18-നാണ് അബ്റാർ തന്റെ സത്യവാങ്മൂലത്തിൽ ഒപ്പുവെച്ചത്. 2009 ഏപ്രിൽ 23-ന് അത് പത്രങ്ങൾക്ക് നൽകുകയും ചെയ്തു (Malegaon 2006 blast, witness turns hostile- 2009, April 23, UMMID.com).

മാലേഗാവുകാർക്ക് 2006ലെ കേസ് അന്വേഷണത്തെക്കുറിച്ച് നേരത്തെതന്നെ ഒട്ടേറെ പരാതികളുണ്ട്. ഇതുസംബന്ധിച്ച ഒരു പത്രറിപ്പോർട്ട് ഇങ്ങനെയാണ്: "സ്ഫോടനം നടന്ന ശേഷം സംശയമുള്ള പലരെക്കുറിച്ചും നാട്ടുകാർ പോലീസിന് വിവരം നൽകിയിരുന്നെങ്കിലും അത് ഗൗനിക്കപ്പെട്ടില്ല. കുറ്റം ഏറ്റെടുക്കാൻ പലരെയും പോലീസ് നിർബന്ധിക്കുകയായിരുന്നുവത്രെ. പോലീസ് മേധാവി രാജ് വർധനയെക്കുറിച്ചും പരാതികളുണ്ട്. നാടാകെ സൗഹൃദത്തിന്റെ വല വിരിച്ച് മുസ്‌ലിം യുവാക്കളെ വശത്താക്കിയ രാജ് വർധനെ, വസ്ത്രങ്ങളും മൊബൈലുകളും മറ്റും നൽകി അവരെ ഇൻഫോർമർമാരാക്കുകയായിരുന്നു. 2006-ലെ സ്ഫോടനത്തെത്തുടർന്ന് കാണാതായ മുഹമ്മദ് മുനവർ ഇവരിലൊരാളാണ്. രാജ് വർധനയും മുനവറും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബന്ധുക്കൾ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. സ്ഫോടനം നടക്കുമ്പോൾ നാസിക് ജില്ലയുടെ എസ്.പിയായിരുന്നു രാജ് വർധനെ. പൂന ഡിവൈ. എസ്.പി സഞ്ജയ് യാദവും രാജ് വർധനയും തമ്മിൽ സിറ്റി പോലീസ് സ്റ്റേഷനിൽ വെച്ച് വാക്കേറ്റം നടന്നിരുന്നുവെന്ന് ജംഇയ്യത്തുൽ ഉലമ മുൻ മഹാരാഷ്ട്ര ജനറൽ സെക്രട്ടറി ഫർഖലിത് പറയുന്നു. മുൻധാരണയോടെ കേസ് അന്വേഷിക്കാൻ

സഞ്ജയ് യാദവ് തയാറാകാത്തതായിരുന്നുവത്രെ വാക്കേറ്റത്തിന്റെ കാരണം. പിന്നീട് മാലേഗാവിൽ ഡി.എസ്.പിയായി വന്നത് ജയവർധനയുടെ സഹോദരി പുത്രൻ രാജേഷ് പ്രധാനാണ്. 2006-ലെ മാലേഗാവ് സ്ഫോടനത്തിന് പിന്നിലെ യഥാർഥ പ്രതികളെ പുറത്തുകൊണ്ടുവരാനും ഔറംഗാബാദ് ആയുധവേട്ടയുടെ ചുരുളഴിക്കാനും രാജ് വർധനയെ നാർക്കോ അനാലിസിസിന് വിധേയമാക്കണമെന്നും മാലേഗാവുകാർ ആവശ്യപ്പെടുന്നു. ഔറംഗാബാദിൽനിന്ന് ആയുധങ്ങളും ആർ.ഡി.എക്സുമായി പിടികൂടിയ സംഘത്തിൽ രാജ് വർധനയുടെ ഇൻഫോർമറുമുണ്ടായിരുന്നു, ആമിർ. ഗുജറാത്ത് സ്ഫോടനത്തിലും മുഖ്യ പ്രതിയാണിയാൾ. ആമിറിനെ ഉപയോഗിച്ച് മറ്റുള്ളവരെ കെണിയിൽ കുടുക്കുകയായിരുന്നുവെന്നാണ് ആരോപണം. വിവാഹത്തിൽ പങ്കെടുക്കാനെന്ന വ്യാജേന ആമിർ മറ്റുള്ളവരെ കൂടെ കൊണ്ടുപോകുമായിരുന്നുവത്രെ. മാലേഗാവിൽ ഭീകരരെ സഷ്ടിക്കാനുള്ള ശ്രമം വളരെ മുമ്പേ തുടങ്ങിയെന്നാണ് നാട്ടുകാരുടെ വിലയിരുത്തൽ. ഭീക്കു ചൗക്കിലെ സ്ഫോടനകേസിൽ അറസ്റ്റിലായ റിട്ട. മേജർ രമേശ് ഉപാധ്യയയും നേരത്തേതന്നെ പലകുറി മാലേഗാവിൽ എത്തിയിരുന്നതായി മഹ്ബൂബ് സ്റ്റുഡിയോ നടത്തുന്ന നിസാർ പറഞ്ഞു. ഭീക്കു ചൗക്ക് സ്ഫോടനകേസിലെ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ 2006-ലെ സ്ഫോടനകേസിലും പുനരന്വേഷണം വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ഈ ആവശ്യമുന്നയിച്ച് ജംഇയ്യത്തുൽ ഉലമ സുപ്രീംകോടതിയിൽ ഹർജി നൽകിയിരുന്നു. സ്ഫോടനം നടന്ന ഹാമിദിയ്യ മസ്ജിദ് പരിസരത്ത് തട്ടാനായിരുന്ന ആൾക്കും ഒരു ബി.ജെ.പി നേതാവിനും പങ്കുണ്ടെന്ന് അന്നേ പോലീസിനോട് പറഞ്ഞിരുന്നതാണ്. സ്ഫോടനം നടക്കുന്നതിന് തൊട്ടുമുമ്പ് കറുത്ത വസ്ത്രമണിഞ്ഞ് ഓടിപ്പോയ ആളെക്കുറിച്ചും വിവരമില്ല." (*മാധ്യമം*, 2008 നവംബർ 22, Malegaon 2006 blast witness turns hostile, 23 April, 2009, UMMID.com, Court turns heat on CBI, ATS- *Hidustan Times* Nov. 17, 2009).

കേസിൽ ഉൾപ്പെടുത്തപ്പെട്ട ചില പ്രതികളുടെ ഭാര്യമാരും കുടുംബക്കാരും അന്വേഷണത്തിന്റെ ഗതിയിൽ ആശങ്ക പ്രകടിപ്പിച്ച് രംഗത്ത് വന്നിരുന്നു. "കുറ്റവാളികളെങ്കിൽ അവരെ പരസ്യമായി വെടിവെച്ച് കൊല്ലുക. ചുരുങ്ങിയത് അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനെങ്കിലും അനുവദിക്കുക" - പ്രതികളിലൊരാളായ ഡോ. സൽമാൻ ഫാരിസിയുടെ ഭാര്യ ഡോ. നഫീസ് ഐമി ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. "ഈ കുടുംബങ്ങളെ നോക്കൂ, ഇവർ ഒരുപാട് സഹിച്ചു കഴിഞ്ഞു....." ഡോ. ഫാറൂഖ് മഖ്ദൂമിയുടെ ഭാര്യ ആഫിയ മഖ്ദൂമിയുടെ വാക്കുകൾ. കേസന്വേഷണത്തെക്കുറിച്ച പരാതികളും നിർദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു നിവേദനം മാലേഗാവ് നിവാസികൾ കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരത്തിന് നൽകുകയുണ്ടായി. സി.ബി.ഐ അന്വേഷണം ശരിയായ ദിശയിൽ മുന്നോട്ടുപോകണമെന്നാവശ്യപ്പെടുന്ന പ്രസ്തുത നിവേദനം, കേസിൽ പ്രതിചേർക്കപ്പെട്ട പലരും നിരപരാധികളാണെന്നും പറയുന്നു (Shoot them in public if they are guilty- Tuesday Sept. 8, 2009 UMMID.com).

ഈ വസ്തുതകളെല്ലാം ശരിവെക്കുംവിധത്തിലുള്ള വാർത്തയാണ് *ഹിന്ദുസ്ഥാൻ ടൈംസ്* 2009 നവംബർ 17-ന് പ്രസിദ്ധീകരിച്ചത്. 2006-ലെ മാലേഗാവ് സ്ഫോടന കേസ് അന്വേഷണം മൂന്നു വർഷം പിന്നിട്ടു കഴിഞ്ഞപ്പോൾ, കേസിൽ അറസ്റ്റിലായവർക്കെതിരെ തെളിവില്ലെന്ന് സി.ബി.ഐ പ്രസ്താവിച്ചു. തെളിവില്ലാത്തതുകൊണ്ടാണ് സി.ബി.ഐ സ്പെഷ്യൽ കോടതിയിൽ കുറ്റപത്രമോ അന്വേഷണ

റിപ്പോർട്ടോ സമർപ്പിക്കാത്തതെന്ന് പബ്ലിക് പ്രോസിക്യൂട്ടർ ഡി.എൻ സൽവി മുംബൈ ഹൈക്കോടതിയെ അറിയിച്ചു. എങ്കിൽ, അതു സംബന്ധിച്ച് ഒരു റിപ്പോർട്ട് മജിസ്ട്രേറ്റിനോ സ്പെഷ്യൽ കോടതിയിലോ സമർപ്പിക്കണമെന്ന് ഹൈക്കോടതി സി.ബി.ഐയോട് നിർദേശിക്കുകയുണ്ടായി" (*Hindustan Times*, Tue. Nov. 17, yahooindia.news).

അറസ്റ്റിലായവർക്കെതിരെ തെളിവില്ലെന്ന് മൂന്നു വർഷത്തെ അന്വേഷണത്തിനു ശേഷം സി.ബി.ഐ പറയുന്നു. എങ്കിൽ പിന്നെ, 2006-ലെ സ്ഫോടനത്തിനു പിന്നിലെ യഥാർഥ പ്രതികൾ ആരാണ്? 2008-ലെ സ്ഫോടന കേസിൽ അറസ്റ്റിലായ ദയാനന്ദ് പാണ്ഡേക്കും കൂട്ടുകാർക്കും 2006-ലെ സ്ഫോടനത്തിൽ പങ്കുണ്ടോ? അതിലേക്ക് നയിക്കുന്ന തെളിവുകൾ വല്ലതുമുണ്ടോ?

## സംഘ്പരിവാറിന്റെ പങ്ക്?

ഒന്നാം മാലേഗാവ് സ്ഫോടനത്തിന് പിന്നിൽ അഭിനവ് ഭാരതോ മറ്റേതെങ്കിലും സംഘ്പരിവാർ സംഘടനയോ ഉണ്ടെന്ന് ഖണ്ഡിതമായി പറയാൻ കൃത്യമായ തെളിവുകൾ ഇല്ല. ഭീകരവിരുദ്ധ സംഘത്തിന്റെയോ സി.ബി.ഐയുടെയോ അന്വേഷണം ആ വഴിക്ക് നീങ്ങിയിട്ടുണ്ടോ എന്നുമറിയില്ല. എന്നാൽ, അഭിനവ് ഭാരതിന്റെയും ദയാനന്ദ് പാണ്ഡെയുൾപ്പെടെയുള്ള തീവ്രവാദികളുടെയും പങ്ക് സംശയിക്കാവുന്ന നിരവധി സൂചനകളുണ്ട്. നേരത്തെ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾക്കെതിരെ തെളിവില്ലെന്ന് സി.ബി.ഐ മുംബൈ ഹൈക്കോടതിയിൽ പറഞ്ഞത് ഈ സൂചനകളെ ബലപ്പെടുത്തുകയും ചെയ്യുന്നു. എന്തൊക്കെയാണ് ആ സൂചനകൾ?

**ഒന്ന്:** കേസിലെ പ്രധാന സാക്ഷി അബ്റാർ അഹ്മദ്, ദയാനന്ദ് പാണ്ഡെക്കെതിരെ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലമാണ് സംഘ്പരിവാർ ബന്ധത്തെക്കുറിച്ച പ്രധാന സൂചന. "2006-ലെയും 2008 സെപ്റ്റംബറിലെയും സ്ഫോടനങ്ങൾക്ക് പരസ്പര ബന്ധമുണ്ട്. 2008-ലെ സ്ഫോടനത്തിനു പിന്നിലുള്ളവർ തന്നെയാകാം 2006-ലെയും സ്ഫോടനത്തിന് പിന്നിൽ" (outlook india.com-Explain Transfer of Malegaon case to CBI: HC to Maha Govt). "കസ്റ്റഡിയിലെടുത്ത ശേഷം എന്നെ ഇൻഡോറിലേക്ക് കൊണ്ടുപോവുകയും അവിടെ ഒരു സന്യാസിക്കും സാധ്വിക്കും പരിചയപ്പെടുത്തുകയും ചെയ്തു. ബൈക്കുല ജയിലിൽ വെച്ച്, 2008 സ്ഫോടന കേസിൽ അറസ്റ്റിലായ സാധ്വി പ്രജ്ഞാ സിംഗിനെ കണ്ടപ്പോൾ, അവരുമായാണ് നേരത്തേ കൂടിക്കാഴ്ച നടന്നതെന്ന് അബ്റാറിന് ഓർമവന്നു. ഒരു മിലിട്ടറി ഓഫീസർക്കും പോലീസ് തന്നെ പരിചയപ്പെടുത്തിയിരുന്നു. 2008-ലെ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട മിലിട്ടറി ഓഫീസറുടെ പടം പത്രത്തിൽ കണ്ടപ്പോഴാണ് ആളെ മനസ്സിലായത്"- തന്റെ അഭിഭാഷകൻ മുഖേന കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് അബ്റാർ ഇങ്ങനെ പറഞ്ഞത് (Malegaon 2006 blast witness turn hostile, April 23, 2009 UMMID.com). "2006-ലെ ആദ്യ സ്ഫോടനത്തിന് പിന്നിലും സന്യാസിമാരുടെ നേതൃത്വത്തിലുള്ള സംഘമെന്ന് കേസിലെ പ്രതിയും പോലീസ് ചാരനുമായ അബ്റാർ അഹ്മദ്. 2008-ലെ ഭിക്കു ചൗക്ക് സ്ഫോടന കേസിൽ അറസ്റ്റിലായ ജമ്മുവിലെ ശാരദ സർവജ്ഞ പീഠ് മഠാധിപതി ദയാനന്ദ് പാണ്ഡേക്കും അഭിനവ് ഭാരതിന്റെ സന്യാസിനി പ്രജ്ഞാ സിംഗിനും ആദ്യ സ്ഫോടനത്തിൽ പങ്കുണ്ടെന്ന് അബ്റാർ അഭിഭാഷകനായ സഹോദരൻ ജലീൽ അഹ്മദ് വഴി കോടതിക്ക് സത്യവാങ്മൂലം നൽകി. മുംബൈയിലെ ജെ.ജെ മെഡിക്കൽ കോളേജിൽ ചികിത്സക്ക് എത്തിയ അബ്റാർ, അവിടെ ചികിത്സക്കായി കൊണ്ടുവന്ന ദയാനന്ദ് പാണ്ഡേയെ

കണ്ട് തിരിച്ചറിയുകയായിരുന്നു. തന്നെ അറസ്റ്റ് ചെയ്യും മുമ്പ് ഉജ്ജയിനിലെ ക്ഷേത്രത്തിലും ഇൻഡോറിലും സന്യാസിമാരുടെ അടുക്കൽ കൊണ്ടുപോയിരുന്നെന്നും അവരോടൊപ്പം ഫോട്ടോ എടുത്തിരുന്നുവെന്നും 14 പേജുള്ള സത്യവാങ്മൂലത്തിൽ പറയുന്നു... ആദ്യം കൊണ്ടുപോയത് ആയുധ പരിശീലനം നൽകിയെന്ന വിവാദത്തിന് വിധേയമായ നാസിക്കിലെ ഭോൻസാല സൈനിക സ്കൂളിലേക്കാണ്. പിന്നീട് രണ്ടു ദിവസം വീതം ജൗറയിലും ഇൻഡോറിലും തങ്ങി. ഉജ്ജയിനിലെ ഭോലെനാഥ് ക്ഷേത്രത്തിൽ വെച്ചാണ് കശ്മീർ സന്യാസിയെയും സന്യാസിനിയെയും കണ്ടത്. അവർക്കൊപ്പം നിർത്തി വീഡിയോയും ഫോട്ടോയും എടുപ്പിച്ചു. കശ്മീർ സന്യാസിക്കൊപ്പം ഇരുന്നത് ക്ലോസ്ഡ് സർക്യൂട്ട് കാമറ ഘടിപ്പിച്ച മുറിയിലായിരുന്നുവത്രെ (മാലേഗാവ് സ്ഫോടനത്തിന് പിന്നിലും കാവി സംഘമെന്ന്- ഫൈസൽ വൈത്തിരി, *മാധ്യമം* 22.4.2009, Malegaon Blasts: Partisan approach and blased police AsgharAli Engineer Nov. 16,2006, ummid.com).

**രണ്ട്:** ബജ്റംഗ്ദളിന്റെ പേര്, സ്ഫോടനവുമായി ബന്ധപ്പെടുത്തി സംസാരിച്ച പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ പ്രസ്താവനയാണ് രണ്ടാമത്തേത്. "ബജ്റംഗ്ദളിന് സംഭവവുമായി ബന്ധമുണ്ടോ ഇല്ലേ എന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല" എന്നാണദ്ദേഹം പറഞ്ഞത് (PM doesn't rule out Bajrang role Josy Joseph, 2006 Sep 13, DNA). ബജ്റംഗ്ദളിന്റെ പങ്ക് സംശയിക്കപ്പെട്ടിരുന്നുവെന്നതിന്റെ പ്രധാന സൂചനയായി ഈ പ്രസ്താവന ഗണിക്കപ്പെടുന്നു.

**മൂന്ന്:** മാലേഗാവ് സ്ഫോടനത്തിൽ ബജ്റംഗ്ദൾ പ്രവർത്തിച്ചിട്ടുണ്ടോ എന്ന കാര്യം പോലീസ് അന്വേഷിച്ചുവരികയാണ്. പർഭാനിയിലെ മുഹമ്മദിയ്യ മസ്ജിദിലും പൂർണയിലെയും ജൽനയിലെയും മസ്ജിദുകളിലും ബജ്റംഗ്ദൾ ഇതേ മട്ടിൽ ബോംബുകൾ സ്ഥാപിച്ചത് പോലീസിന്റെ ശ്രദ്ധയിലുണ്ട്. ആ ദിശയിൽ ഞങ്ങൾ അന്വേഷണം നടത്തുന്നുണ്ടെങ്കിലും ഇതേ കുറിച്ച് ഇപ്പോഴൊന്നും പറയാറായിട്ടില്ല. - മഹാരാഷ്ട്ര ഡി.ജി.പി ഡി.എസ്. പസ്റീച്ച (*Times of India*, 2006 Sep. 9).

**നാല്:** സ്ഫോടനം നടന്ന് മൂന്നാം നാൾ, ദൽഹിയിൽനിന്ന് പുറത്തിറങ്ങുന്ന *ഇൻഖിലാബ്* പത്രത്തിൽ അസാധാരണമായൊരു വാർത്ത വന്നു. "സംഭവസ്ഥലത്തുനിന്ന് മൃതദേഹങ്ങൾ നീക്കം ചെയ്യുന്നതിനിടെ അഖീൽ അഹ്മദ് അൻസാരിയെന്ന ടൈലർ, കൃത്രിമ താടി ഇളകിപ്പറിഞ്ഞ ഒരു മൃതദേഹം കാണുകയുണ്ടായി. മൃതദേഹത്തിന്റെ അരക്കു താഴെയുള്ള ഭാഗങ്ങൾ ഏതാണ്ട് മുഴുവനായും സ്ഫോടനത്തിൽ അറ്റുപോയിരുന്നു. അൻസാരിയാണ് ആംബുലൻസിൽ കയറ്റുമ്പോൾ മൃതദേഹത്തിന്റെ താടി ഇളകി വീഴുന്നത് കണ്ടത്. മാലേഗാവ് മുൻസിപ്പൽ മോർച്ചറിയിൽ ചെന്ന *ഇൻഖിലാബ്* ലേഖകന് മൃതദേഹത്തെക്കുറിച്ച് വിവരങ്ങളൊന്നും കിട്ടിയില്ല. അങ്ങനെയൊരു മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്തിട്ടില്ലെന്നാണ് ഡോക്ടർമാരിൽനിന്ന് കിട്ടിയ വിവരം. എന്നാൽ, അരക്കു താഴെ മുഴുവൻ മുറിഞ്ഞുപോയ മൃതദേഹമാണ് ആംബുലൻസിൽ കയറ്റിയതെന്ന് അഖീലിന് ഉറപ്പുണ്ട്. താടി ഇളകി വീണത് കണ്ടപ്പോൾ ആദ്യം പ്രത്യേകിച്ചൊന്നും തോന്നിയില്ലെന്നും പിന്നീടാണ് കാര്യത്തിന്റെ ഗൗരവം മനസ്സിലായതെന്നുമാണ് അൻസാരി *ഇൻഖിലാബ്* ലേഖകനോട് പറഞ്ഞത് (Inquilab, 2006 Sep. 11, Milligazette online Sep. 11, 2006, *Hindustan Express* urdu 2006 Sep. 9). ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ലെന്ന് പോലീസ് പറഞ്ഞതായി സെപ്റ്റംബർ 10-ന് *ഹിന്ദുസ്ഥാൻ എക്സ്പ്രസ്* വാർത്ത പ്രസിദ്ധീകരിച്ചിരുന്നു.

(2,3,4 നമ്പറുകൾ എ. റശീദുദ്ദീൻ, 'ഇന്ത്യയിലെ ഭീകരാക്രമണങ്ങളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും' എന്ന പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്).

**അഞ്ച്:** 2006 ഏപ്രിൽ മാസത്തിൽ മഹാരാഷ്ട്രയിലെ നന്ദേഡിൽ ബോംബ് നിർമാണത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ രണ്ട് ആർ.എസ്.എസ്/ബജ്റംഗ്ദൾ പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി. അവർ രണ്ടു പേരുമായിരുന്നു പർഭാനി മസ്ജിദിലെ സ്ഫോടനത്തിന് (2006 ഏപ്രിൽ)പിന്നിലെന്നും മഹാരാഷ്ട്ര പോലീസ് കണ്ടെത്തുകയുണ്ടായി. പൂർണ, ജൽന പള്ളികളിലെ സ്ഫോടത്തിന് (2003 ഏപ്രിൽ) പിന്നിലും ഇവരാണെന്ന് പോലീസിന് സംശയമുണ്ട് (*The Hindu*, Malegaon: the road to perdition, 2006 Sep 9). ഏറ്റവും പ്രധാനപ്പെട്ട കാര്യം, നന്ദേഡ് സ്ഫോടനത്തിന് ശേഷം നടത്തിയ റെയ്ഡിൽ സ്ഫോടനത്തിൽ മരിച്ച ബജ്റംഗ്ദൾ പ്രവർത്തകന്റെ വീട്ടിൽനിന്ന് മുസ്‌ലിംകൾ ധരിക്കുന്ന വസ്ത്രങ്ങളും കള്ളത്താടിയും പോലീസ് കണ്ടെടുത്തിരുന്നു എന്നതാണ് (Malegaon Bomb Blast Trail: whatever happend to the fake beard- Subhash Gatade, 2006 Nov 17, Counter Currents.org).

**ആറ്:** മുസ്‌ലിംകളുടെ ആരാധനാലയത്തിൽ ഒരു വിശിഷ്ട ദിവസം, കൂടുതൽ മുസ്‌ലിംകൾ കൊലചെയ്യപ്പെടുന്ന രീതിയിൽ ഒരു മുസ്‌ലിം തീവ്രവാദി സംഘടന സ്ഫോടനം നടത്തുമെന്ന് സാധാരണഗതിയിൽ വിശ്വസിക്കാൻ പ്രയാസമാണ്. ഒന്നാം മാലേഗാവ് സ്ഫോടനം മാത്രമല്ല മറ്റു പല സ്ഫോടനങ്ങളും നടന്നിട്ടുള്ളത് പള്ളികളിൽ വെള്ളിയാഴ്ച ജുമുഅ നമസ്കാരാനന്തരമോ മുസ്‌ലിം ആഘോഷ അവസരങ്ങളിലോ ആണ്. മുഹമ്മദിയ്യ മസ്ജിദ് പർഭാനി (21.11.2003 വെള്ളി), മിഅ്റാജുൽ ഉലൂം മദ്റസ & മസ്ജിദ് (27.8.2004 വെള്ളി), ഖാദിരിയ്യ മസ്ജിദ് ജൽന (27.8.2004 വെള്ളി), ഹൈദരാബാദ് (18.5.2007 വെള്ളി) തുടങ്ങിയവ ഉദാഹരണം. ബോംബ് നിർമാണത്തിനിടെയുള്ള നന്ദേഡ് സ്ഫോടനം (2006 ഏപ്രിൽ 6) യഥാർഥത്തിൽ അടുത്ത ദിവസത്തേക്കുള്ള (2006 ഏപ്രിൽ 7) ബോംബ് തയാറാക്കുന്നതിനിടെയായിരുന്നുവെന്ന് സംശയിക്കാവുന്നതാണ്! കാരണം, 'ഏപ്രിൽ 7' ഒരു വെള്ളിയാഴ്ചയായിരുന്നു! (www.tehelka.com/story-main 24-What more proof do you want? 2007 June 6).

മുസ്‌ലിം ആരാധനാലയങ്ങളിലും വിശേഷ ദിവസങ്ങളിലും സ്ഫോടനങ്ങൾ നടത്തുക. കൊല്ലപ്പെടുന്നതും പരിക്കേൽക്കുന്നതും മുസ്‌ലിംകൾ! പോലീസ് പ്രതികളാക്കി അറസ്റ്റ് ചെയ്യുന്നതും പീഡിപ്പിക്കുന്നതും അവരെത്തന്നെ. സാമ്പത്തിക നഷ്ടവും ദുഷ്പേരും അവർക്കുതന്നെ. മുസ്‌ലിംകൾക്കിടയിലെ കക്ഷിത്വത്തെക്കുറിച്ചും ഇസ്‌ലാമിക ഭീകരതയെക്കുറിച്ചും നിറംപിടിപ്പിച്ച കഥകൾ പ്രചരിപ്പിക്കുന്നതോടെ പ്രതിക്കൂട്ടിലാകുന്നതോ ഇസ്‌ലാം! അപ്പോൾ ആർക്കാണ് ഈ സ്ഫോടനങ്ങൾ കൊണ്ട് നേട്ടം? ഏതായിരുന്നാലും 2008 സെപ്റ്റംബർ 28-ലെ രണ്ടാം മാലേഗാവ് സ്ഫോടനത്തിനു പിന്നിലെ പ്രതികളെക്കുറിച്ച് സംശയം ബാക്കിയില്ല, ഹേമന്ദ് കർക്കരെ അത് തെളിയിച്ചിരിക്കുന്നു. ■

അതേകുറിച്ച് അടുത്ത ലക്കത്തിൽ.

sadarvzkd@yahoo.co.in